75453/2022

<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>
<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം –തിരുവനന്തപുരം – സാങ്കേതികവിഭാഗം – കോഴിക്കോട് ജില്ല –കോഴിക്കോട് നഗരസഭ –എലത്തൂർ വില്ലേജ് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഡിപ്പോട്ട് നിർമ്മാണം കൺകറൻ അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കോഴിക്കോട് ടൗൺപ്ലാനറുടെ 13/10/2022 ലെ TCPKZD/537/2022-C1 നമ്പർ കത്ത്.

2. സീനിയർ മാനേജർ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കോടിന്റെ 01/08/2022, 16/09/2022 ലെ കത്ത്.

===========================================================================

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. TCPCTP/2409/2022-DI തീയതി:17-11-2022

===========================================================================

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് നഗരസഭയിലെ എലത്തൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 32/1-ൽ ഉൾപ്പെട്ട 18772 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് ആകെ 2802.88 ച.മീ വിസ്തീർണ്ണമുള്ള (നിലവിലുള്ളതും നിർദ്ദിഷ്ടങ്ങളുമായ) ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഡിപ്പോട്ട് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ സീനിയർ മാനേജർ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് , എലത്തൂർ ഐ.ആർ.ഡി കോഴിക്കോടിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകൃത കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. ചീഫ് ടൗൺ പ്ലാനറുടെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് ലേ ഔട്ട് അനുമതിയോ നിർമ്മാണാനുമതിയോ ക്രമവൽക്കരണത്തിനുള്ള അനുമതിയോ അല്ല. കെ. എം. ബി. ആർ 2019 ചട്ടപ്രകാരമുള്ള ലേ ഔട്ട് അനുമതി ജില്ലാ ടൗൺ പ്ലാനറിൽ നിന്നും, നിർമ്മാണാനുമതി / ക്രമവൽക്കരണാനുമതി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
2. ഭൂമിയുടെ ഉടമസ്ഥാവകാശം, വിസ്തീർണ്ണം, തരം, അതിരുകൾ, എന്നിവയുടെ ആധികാരികത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. ചട്ടം 5(4) പ്രകാരം ലഭ്യമാക്കേണ്ട എല്ലാ അനുമതികളും ലഭിച്ചു എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
4. ചട്ടം 76 (3) അർബൻ ഫോറെസ്റ്റി പ്രകാരം വേണ്ട സജ്ജീകരണങ്ങൾ നല്കേണ്ടതാണ്.



Generated from eOffice by REJANI P.S., TYPST7 CTP(RE)TVM, TYPST7 CTP(RE)TVM, DTCP on 17/11/2022 11:08 AM
0224925
GOVERNMENT OF KERALA

75453/20..

5. നിർമ്മാണം കെ.എം.ബി.ആർ 2019-നും അനുബന്ധ ഭേദഗതികൾക്കും അനുസൃതമാണെന്ന് സെക്രട്ടറി സ്ഥലം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
6. പ്രസ്തുത നിർമ്മാണം സംബന്ധിച്ച് നിലവിൽ എന്തെങ്കിലും പരാതിയുള്ള പക്ഷം ആയതു കൂടി പരിഗണിച്ചുമാത്രമേ ജില്ലാ ടൗൺ പ്ലാനർ ലേ -ഔട്ട് അനുമതി നൽകാനും നഗരസഭാ സെക്രട്ടറി ക്രമവൽക്കരണത്തിന് പരിഗണിക്കാനും പാടുള്ളൂ.
7. ചട്ട പ്രകാരം ആവശ്യമായ ലേ ഔട്ട് / കൺകറൻസ് സ്ക്രൂട്ടിനി ഫീസ് ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷമേ ജില്ലാ ടൗൺ പ്ലാനർ ലേ - ഔട്ട് അനുമതി നൽകാൻ പാടുള്ളൂ.
8. കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർ പ്ലാൻ പ്രകാരം Zoning regulations clause 4 പ്രകാരം പ്ലോട്ടിലുള്ള മൊത്തം built up area മാസ്റ്റർ പ്ലാൻ അംഗീകൃതമായ സമയത്തു നിലവിലുള്ള built up area യുടെ 1.5 മടങ്ങ് കവിയാൻ പാടില്ലാത്തതാണ്.

ഈ ഉത്തരവ് കെട്ടിടനിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ-ഔട്ട് അനുമതി അതാത് തദ്ദേശ സ്വയം ഭരണ പ്ലാനിംഗ് കാര്യാലയത്തിൽ നിന്നും, നിർമ്മാണാനുമതി/ ക്രമവൽക്കരണാനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signed by
Famidha Yoosaf M
Date: 17-11-2022 10:54:35

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ടൗൺപ്ലാനർ, കോഴിക്കോട്

പകർപ്പ്:-

1. സീനിയർ മാനേജർ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് , എലത്തൂർ ഐ.ആർ.ഡി കോഴിക്കോട്-673303
2. സെക്രട്ടറി, നഗരസഭ കോഴിക്കോട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

S/16/2022



Generated from eOffice by REJANI P.S., TYPST7 CTP(RE)TVM, TYPST7 CTP(RE)TVM, DTCP on 17/11/2022 11:06 AM

0224925 GOVERNMENT OF KERALA